പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2563 **28-10-2026-ൽ മറുപടിയ്ക്ക്**

ഭവന നിർമ്മാണ പദ്ധതി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. ടി. എം. ശശി ശ്രീമതി കെ. എ. തുളസി
(പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി)

(എ) പട്ടികജാതി പട്ടികവർഗ്ഗ ജനവിഭാഗങ്ങൾക്കായി നടപ്പിലാക്കുന്ന ലൈഫ് മിഷൻ ഉൾപ്പെടെയുള്ള ഭവന നിർമ്മാണ പദ്ധതികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

മറുപടി: പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട 29,422 ഗുണഭോക്താക്കളുടെ വീടുകളുടേയും പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട 7,795 ഗുണഭോക്താക്കളുടെ വീടുകളുടേയും നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു.

(ബി) ഭവന നിർമ്മാണം ആരംഭിച്ച് പൂർത്തിയാകാതെ നിർമ്മാണ പ്രവൃത്തികൾ നിലച്ചു കിടക്കുന്ന വീടുകളുടെ എണ്ണം എത്രയാണെന്ന് അറിയിക്കാമോ;

മറുപടി: ലൈഫ് മിഷന്റെ ആദ്യഘട്ടം പ്രകാരം ഭവനനിർമ്മാണം ആരംഭിച്ച ശേഷം പട്ടികജാതി ഗുണഭോക്താക്കളുടെ 413 വീടുകൾ നിർമ്മാണ പൂർത്തീകരിക്കാതെ നിലച്ചു പോയവയാണ്.

പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള ഭവനനിർമ്മാണ പദ്ധതികൾ പ്രകാരം ആകെ 22188 പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് വീട് അനുവദിച്ചതിൽ 4221 ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിക്കാനുണ്ട്.

(സി) നിർമ്മാണ വസ്തുക്കളുടെ വിലക്കയറ്റം മൂലം പ്രതിസന്ധിയിലായ ഗുണഭോക്താക്കൾക്ക് അധിക സാമ്പത്തിക സഹായം നൽകാൻ ആലോചിക്കുന്നുണ്ടോ?

മറുപടി: വകുപ്പിന്റെ തനതു ഭവന പദ്ധതിയിൽ തുക വർദ്ധിപ്പിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

സെക്ഷൻ ഓഫീസർ